എഡിറ്റോറിയൽ

**ജൂൺ 2008**

**എഡിറ്റർ**

**ജോർജ്ജ് കാടൻകാവിൽ**



# ഈശോയും കുരിശും,
## പരസ്യ മോഡലും!...



ജോർജ്ജ് സാറേ ഒരഭ്യുദയകാംക്ഷി എന്ന നിലയിൽ ഒരു കാര്യം പറഞ്ഞോട്ടേ, ബെത്‌ലെഹമിന്റെ സർവ്വീസ് ഒക്കെ വളരെ നല്ലതാ, ഒരു നല്ല ക്ളാസ് മെമ്പർഷിപ്പുമുണ്ട് നിങ്ങൾക്ക്. പക്ഷേ, നിങ്ങളുടെ പരസ്യങ്ങൾക്കൊല്ലാം ഒരു പഴഞ്ചൻ ശൈലിയാണല്ലോ, ഈശോയും കുരിശും ഒക്കെ വെച്ചുള്ള ഒരുമാതിരി പരസ്യങ്ങൾ. ഇപ്പോഴത്തെക്കാലത്ത് ഒരു മോഡലിനെ വെച്ച് അടിപൊളി പരസ്യങ്ങൾ ഇട്ടെങ്കിലല്ലേ ആൾക്കാരുടെ മനസ്സിൽ ഉടക്കുകയുള്ളു. നിങ്ങളാവഴിക്കു കൂടി പരിശ്രമിക്കണം എന്നു പറയാനാ വിളിച്ചത്

പരസ്യ രംഗത്ത് പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ് ഇതു പറയുന്നത്.

സാർ താങ്കൾ ബെത്‌ലെഹമിനോട് കാണിക്കുന്ന ഈ സന്മനസ്സിന് ഒത്തിരി നന്ദിയുണ്ട്. പക്ഷേ ഞാനൊന്നു ചോദിച്ചോട്ടെ, അടിപൊളി സുന്ദരി മോഡലുകളുടെ ചന്തം കണ്ടാൽ മയങ്ങി പോകുന്ന ഒരു പയ്യന് സാറ് മകളെ കെട്ടിച്ച് കൊടുക്കുമോ? ഇല്ലല്ലോ?

www.BethlehemMatrimonial.com

പരസ്യങ്ങളേക്കുറിച്ച് എന്റെ കാഴ്ചപ്പാട് പറയാം. പ്രസിദ്ധപ്പെടുത്തണം എന്നു ചട്ടപ്പടി നിർബന്ധം ഉള്ള പരസ്യങ്ങളിൽ ചിലത് ഒഴികെ, മറ്റെല്ലാ പരസ്യങ്ങളുടെയും ഉദ്ദേശം ആളുകളുടെ ശ്രദ്ധ ആകർഷിച്ച് അവരേ തങ്ങളുടെ സംവിധാനത്തിലേക്ക് എത്തിക്കുക എന്നതാണ്. നമ്മുടെ കയ്യിലിരക്കുന്നത് എത്ര നല്ല സാധനമായാലും ശരി ആളുകൾ അതറിഞ്ഞെങ്കിലല്ലേ, അവർക്ക് അതു പരിശോധിക്കാനും പരീക്ഷിക്കാനും, ഉപകാരപ്പെടുത്താനും സാധിക്കൂ. അതുകൊണ്ട് പരസ്യങ്ങൾ അനിവാര്യമാണ്.

അങ്ങിനെ പരസ്യങ്ങൾ ചെയ്യുന്നവരുടെ എണ്ണം വളരെ അധികമാണ്. ഒരേ കാര്യത്തിൽ തന്നെ മത്സരിച്ച് പ്രവർത്തിക്കുന്നവരും ധാരാളം ഉണ്ട്. ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റാനും, സാധാനത്തിന്റെ ആകർഷണം വർദ്ധിപ്പിക്കുവാനും, ഉചിതവും, അനുചിതവുമായ പല മാർഗ്ഗങ്ങളും ഇന്ന് ഉപയോഗിക്കപ്പെടുന്നുണ്ട്.

എല്ലാ മനുഷ്യരുടെയും ഉള്ളിൽ ഒരു ശിശു ഉണ്ട്. ആ ശിശുവിനെ കുടുക്കുവാനാണ് മിക്ക പരസ്യങ്ങളും ശ്രമിക്കുന്നത്. സൗജന്യങ്ങൾ, സമ്മാനങ്ങൾ, ഓഫറുകൾ വിലക്കുറവ്, ബ്രാൻഡ് അമ്പാസഡർമാർ ഇവയുടെ എല്ലാം ഉദ്ദേശം, ആ ശിശുവിനെ ചൂണ്ടയിൽ കൊത്തിക്കുകയാണ്. Hooking The Child. മോഡലുകളെ ഉപയോഗിച്ച്, ഇഷ്ടം സ്നേഹം വാൽസല്യം, കൊതി, അസൂയ, കാമം മോഹം, ഭയം, ഭ്രമം, ആരാധന തുടങ്ങിയ മൃദുല വികാരങ്ങൾകൊണ്ട് ശ്രദ്ധ പിടിക്കുന്ന പരസ്യങ്ങളാണ് കൂടുതലും.

പക്ഷേ, വിവാഹം അന്വേഷിച്ച് ബെത്‌ലെഹമിൽ വരുന്നവർ ആവശ്യപ്പെടുന്നത്, പുരാതന കത്തോലിക്കാ കുടുംബത്തിലെ, നല്ല ഭക്തിയും ദൈവവിശ്വാസവും ഉള്ള സുന്ദരിയായ യുവതിക്ക്, അല്ലെങ്കിൽ സുമുഖനായ യുവാവിന്, സൽസ്വഭാവിയും, ദൈവഭയവുമുള്ള, പങ്കാളിയേ വേണം എന്നാണ്. ഒരു മോഡലിനെ ഉപയോഗിച്ച് അങ്ങിനൊരാളേ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിന്റെ അനൗചിത്യം ഒന്നാലോചിച്ചു നോക്കിക്കേ.

ദൈവവിശ്വാസവും, കുടുംബമൂല്യങ്ങളും വിലപ്പെട്ടതായി കരുതുന്നവർ കുറച്ചേ ഉള്ളെങ്കിലും, ഈശോക്കും കുരിശിനും തിരുക്കുടുംബത്തിനും ഒക്കെ വിലകല്പിക്കുന്ന അത്തരം കുറച്ച് കുടുംബങ്ങൾ രൂപം കൊള്ളാൻ ഒരു നിമിത്തവും മാതൃകയും ആണ് ബെത്‌ലേഹം. ഭക്തിയും, ആദരവും, വിശ്വാസവും സ്ഫുരിക്കുന്ന സാങ്കേതങ്ങളാണ് അതിന് ഞങ്ങൾ ഉപയോഗിക്കുന്നത്.

വിവാഹം വെറും ഒരു ഭൗതിക പ്രക്രിയ അല്ല, പ്രപഞ്ചത്തിലെ ഏറ്റവും വിസ്മയകരമായ ഒരു ദൈവീക പ്രവർത്തനമാണ്. തകർന്ന വിവാഹങ്ങൾ പോലും തമ്പുരാനെ മഹത്വപ്പെടുത്തുന്നത് കാണാൻ കഴിയും. നല്ല വിവാഹ ബന്ധം ലഭിക്കാനും, അതു പാളം തെറ്റാതെ അവസാനം വരെ മുന്നോട്ട് കൊണ്ടു പോകാനും തമ്പുരാനെ തന്നെ ആശ്രയിക്കണം. ഏറ്റവും നല്ല മോഡൽ കർത്താവു തന്നെ.

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com